(ഇ) ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചമാക്കുന്നതിനും കൂടുതൽ തസ്തികകൾ ഈ വകുപ്പിൽ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽ നിലവിലുള്ള തസ്തികകൾ വെട്ടികുറയ്ക്കാൻ സർക്കാർതലത്തിൽ തീരുമാനമായിട്ടില്ല.

(ബി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പിന്റെ മൊത്തത്തിലുള്ള പ്രവർത്തനവും ഘടനയും പഠിച്ച് റിപ്പോർട്ടു നൽകുന്നതിനായി സെന്റർഫോർ-മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടിരിക്കയാണ്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ നിർമ്മാണം

71 (1759) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചുവോ ;

(ബി) ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയും എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഹാർബറിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതാണ്.

പട്ടികജാതി വികസനവകുപ്പിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത അധികാരങ്ങൾ

72 (1760) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസനവകുപ്പ് ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly